കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone: Office: 0487-2332134, 2332548
Mob: 7736922245, 9447092134 (Whatsapp)
Secretary: 0487-2327427
e-mail: ksnakademi@gmail.com
Website: www.keralasangeethanatakaakademi.in

Cultural action for promotion of performing arts

എ6-1533/2024/സം.നാ.അ

19-08-2026

അക്കാദമി കാന്റീൻ നടത്തിപ്പിനുള്ള പുനർക്വട്ടേഷൻ നോട്ടീസ്

കേരള സംഗീത നാടക അക്കാദമിയുടെ ക്യാമ്പസിലുള്ള കാന്റീൻ താഴെക്കൊടുത്ത നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുത്ത് നടത്തുവാൻ തയ്യാറുള്ള തൃശൂരിലും പരിസരപ്രദേശങ്ങളിലെയും ഹോട്ടലുകൾ/കാറ്ററിംഗ്/കാന്റീൻ എന്നിവ വിജയകരമായി നടത്തി മുൻ പരിചയമുള്ളവരിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. ഇതിൽ പ്രസ്തുത രംഗത്തുള്ള മുൻ പരിചയം സൂചിപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ ആധാറിന്റെ പകർപ്പ് അടക്കം ചെയ്ത അപേക്ഷ സെക്രട്ടറി കേരള സംഗീത നാടക അക്കാദമി,തൃശൂർ-20 എന്ന വിലാസത്തിലോ, നേരിട്ടോ 31/08/2026 ന് വൈകുന്നേരം 3 മണിക്ക് മുമ്പായി സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 0487- 2332134 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകന്നേരം 5 മണി വരെയുള്ള സമയത്ത് ബന്ധപ്പെടാവുന്നതാണ്.

1) കാന്റീൻ എല്ലാദിവസങ്ങളിലും രാത്രി 10 മണിവരെയെങ്കിലും തുറന്നുപ്രവർത്തിക്കേണ്ടതാണ്. കെട്ടിടത്തിൽ ചെറിയ അറ്റകുറ്റപ്പണികൾ ആവശ്യമായി വരികയാണെങ്കിൽ കരാറുകാരൻ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.
2) നൽകുവാൻ തയ്യാറുള്ള മാസവാടക ക്വട്ടേഷനിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇതിന് പുറമെ 18% നികുതി മാസവാടകയോടൊപ്പം ഈടാക്കുന്നതാണ്.
3) അക്കാദമി ക്യാമ്പസ്സിൽ കിണർ വെള്ളം ലഭ്യമല്ല. ഇതിനായി കോർപ്പറേഷൻ ജലവിതരണ സംവിധാനത്തിനെയാണ് പൂർണ്ണമായും ആശ്രയിക്കുന്നത്. ഇതിനുള്ള വെള്ളക്കരം, കെട്ടിടത്തിന്റെ വൈദ്യുതി തുക എന്നിവ കരാറുകാരൻ അടക്കേണ്ടതാണ്.
4) ലഭിക്കുന്ന ക്വട്ടേഷൻ 31/08/2026 ന് വൈകുന്നേരം 4 മണിക്ക് തുറക്കുന്നതായിരിക്കും.
5) ക്വട്ടേഷൻ സമർപ്പിക്കുന്നവർ അപേക്ഷയോടൊപ്പം ഐ.ഡി പ്രൂഫും ഇ.എം.ഡി 5,000/- രൂപ കേരള സംഗീത നാടക അക്കാദമിയുടെ നിർദ്ദിഷ്ട അക്കൗണ്ടിലേക്ക് അടച്ച് ഇതിന്റെ വിവരങ്ങൾ അടക്കം ചെയ്യേണ്ടതാണ്. നിലവിൽ ഇ.എം.ഡി അടച്ചവർ പുതുതായി അടക്കേണ്ടതില്ല. എന്നാൽ അടച്ച രസീതിന്റെ പകർപ്പ് അടക്കം ചെയ്യേണ്ടതാണ്. അക്കൗണ്ട് വിവരങ്ങൾ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. നടത്തിപ്പ് കരാറിൽ ഒപ്പിട്ട ഉടനെ തന്നെ ക്വാട്ട് ചെയ്യുന്ന വാടകയുടെ ഇരട്ടി തുക കരുതൽ നിക്ഷേപമായി അടക്കേണ്ടതുമാണ്.
6) കാന്റീൻ നടത്തിപ്പ് സംബന്ധിച്ച പൊതുവായ നിബന്ധനകൾ പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
7) നിർദിഷ്ട ഫോറത്തിലാണ് ക്വട്ടേഷൻ അപേക്ഷ സമർപ്പിക്കേണ്ടത്.ഇതിന്റെ മാതൃക ഓഫീസിലും അക്കാദമി വെബ്സൈറ്റിലും ലഭ്യമാകുന്നതാണ്. അല്ലാതെയുള്ള അപേക്ഷകൾ അസാധുവാകുന്നതാണ്. ഒരാൾക്ക് ഒരു ക്വട്ടേഷൻ മാത്രമാണ് സമർപ്പിക്കാൻ കഴിയുക. അല്ലാത്തപക്ഷം ടിയാൾ സമർപ്പിച്ചവ എല്ലാം തന്നെ അസാധുവാകുന്നതാണ്.
8) അക്കാദമി കാന്റീൻ ഓഫീസ് പ്രവർത്തി സമയങ്ങളിൽ നേരിട്ട് പരിശോധിക്കാവുന്നതാണ്.
9) കാന്റീനിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില സമീപത്തുള്ള കാന്റീനുകളിലെ വിലനിലവാരം പരിശോധിച്ച് അക്കാദമിയാവും നിശ്ചയിക്കുക. ഇത് കൂടാതെ അക്കാദമി മെമ്പർമാർക്കും ജീവനക്കാർക്കും (സ്പെഷ്യൽ വിഭവങ്ങൾ ഒഴികെ)നിലവിലെ നിരക്കിൽ 50% ഇളവ് അനുവദിക്കേണ്ടതാണ്.
10) ക്വട്ടേഷൻ നടപടികളിൽ ഏത് ഘട്ടത്തിലും അന്തിമ തീരുമാനം എടുക്കുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം അക്കാദമി സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

Sulthan K
സെക്രട്ടറി

പകർപ്പ്,
1) അക്കാദമി വെബ്സൈറ്റ്, നോട്ടീസ് ബോർഡുകൾ
2) കളക്ടറേറ്റ്
3) ജില്ലാപഞ്ചായത്ത് ഓഫീസ്
4) സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി
6) താലൂക്കാഫീസ്,തൃശൂർ
7) വില്ലേജ് ആഫീസ്,തൃശൂർ

കേരള സംഗീത നാടക അക്കാദമി കാന്റീൻ നടത്തിപ്പിനുള്ള പുനർക്വട്ടേഷൻ അപേക്ഷ

പേരും വീട്ട് വിലാസവും	
സ്ഥാപനത്തിന്റെ പേരും വിലാസവും	
ആധാർ നമ്പർ	
ഫോൺ നമ്പർ	
പാൻ നമ്പർ	
സമർപ്പിക്കുന്ന തിരിച്ചറിയൽ കാർഡ് പകർപ്	
വൈദ്യുതി,വെള്ളക്കരം എന്നിവക്ക് പുറമെ നൽകുവാൻതയ്യാറുള്ള മാസ വാടക	
നിലവിൽ പ്രസ്തുത മേഖലയിലെ പ്രവൃത്തി പരിചയം സംബന്ധിച്ച് ലഘു വിവരണം: (മറ്റ് വിശദ വിവരങ്ങൾ ഉള്ളടക്കം ചെയ്യുക)	

നിബന്ധനകൾ

1) എല്ലാദിവസവും രാത്രി 10 മണി വരെയെങ്കിലും കാന്റീൻ പ്രവർത്തിക്കേണ്ടതാണ്. കാന്റീനിലുള്ള നിലവിലെ സൗകര്യങ്ങളും ലഭ്യമായ ഫർണിച്ചറുകളും ഓഫീസ് പ്രവർത്തി സമയങ്ങളിൽ നേരിട്ട് പരിശോധിക്കാവുന്നതാണ്. ബാക്കിയുള്ളവയും കെട്ടിടത്തിൽ പെയിന്റിംഗ്/ചെറിയ അറ്റകുറ്റപ്പണികൾ എന്നിവയും ആവശ്യമായി വരികയാണെങ്കിൽ കരാറുകാരൻ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.
2) കാന്റീനിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില സമീപത്തുള്ള കാന്റീനുകളിലെ വിലനിലവാരം പരിശോധിച്ച് അക്കാദമിയായിരിക്കും നിശ്ചയിക്കുക. ഇത് കൂടാതെ അക്കാദമി മെമ്പർമാർക്കും ജീവനക്കാർക്കും നിലവിലെ നിരക്കിൽ 50% ഇളവ് അനുവദിക്കേണ്ടതുമാണ്(സ്പെഷ്യൽ വിഭവങ്ങൾക്ക് പുറമെ).
3) നൽകുവാൻ തയ്യാറുള്ള മാസവാടക (വൈദ്യുതി തുക,വെള്ളക്കരം എന്നിവയ്ക്ക് ക്ക് പുറമെ) ക്വട്ടേഷനിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇതിന് പുറമെ നികുതി അടക്കേണ്ടത് ആവശ്യമെങ്കിൽ ഇതും കരാറുകാരൻ അടക്കുവാൻ ബാധ്യസ്ഥനാണ്.
4) അക്കാദമി ക്യാമ്പസ്സിൽ കിണർ വെള്ളം ലഭ്യമല്ല. പൂർണ്ണമായും കോർഷറേഷൻ വെള്ളത്തെയാണ് ആശ്രയിക്കുന്നത്. കെട്ടിടത്തിന്റെ വെള്ളക്കരം, വൈദ്യുതി തുക എന്നിവ കരാറുകാരൻ വാടകയ്ക്ക് പുറമെ അടക്കേണ്ടതാണ്.
5) ക്വട്ടേഷൻ സമർപ്പിക്കുന്നവർ അപേക്ഷയോടൊപ്പം ഐഡി പ്രൂഫും ഇ.എം.ഡിയായി 5,000/-രൂപ കേരള സംഗീത നാടക അക്കാദമിയുടെ നിർദ്ദിഷ്ട അക്കൗണ്ടിലേക്ക് അടച്ച് ഇതിന്റെ വിവരങ്ങൾ അടക്കം ചെയ്യേണ്ടതാണ്. നിലവിൽ ഇ.എം.ഡി അടച്ചവർ പുതുതായി അടക്കേണ്ടതില്ല. എന്നാൽ അടച്ച രസീതിന്റെ പകർപ് അടക്കം ചെയ്യേണ്ടതാണ്. അക്കൗണ്ട് വിവരങ്ങൾ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. നടത്തിപ്പ് കരാറിൽ ഒപ്പിട്ട ഉടനെ തന്നെ ക്വാട്ട് ചെയ്യുന്ന വാടകയുടെ ഇരട്ടി തുക കരുതൽ നിക്ഷേപമായി അടക്കേണ്ടതുമാണ്.
6) കാന്റീൻ നടത്തിപ്പ് സംബന്ധിച്ച പൊതുവായ നിബന്ധനകൾ പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
7) നിർദ്ദിഷ്ട ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിന്റെ മാതൃക ഓഫീസിൽ ലഭ്യമാകുന്നതാണ്. ഒരാൾക്ക് ഒരു ക്വട്ടേഷൻ മാത്രമാണ് സമർപ്പിക്കാൻ കഴിയുക. അല്ലാത്തപക്ഷം ടിയാൾ സമർപ്പിച്ചവ എല്ലാം തന്നെ അസാധുവാകുന്നതാണ്.
8) ക്വട്ടേഷൻ നടപടികൾ ഏത് ഘട്ടത്തിലും അന്തിമതീരുമാനം എടുക്കുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം അക്കാദമി സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

സമ്മതപത്രം

മേൽ നിബന്ധനകൾ വായിച്ചു, ഇതനുസരിച്ച് ക്വട്ടേഷന്റെ തുടർ നടപടികളിൽ പങ്ക് കൊള്ളാൻ എനിക്ക്/ഞങ്ങൾക്ക് സമ്മതമാണെന്നും മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

അപേക്ഷകന്റെ പേര് :

സ്ഥലം :

തീയതി :

ഒപ്പ് :